22.02.15	ഓം ശാന്തി	അവ്യക്തബാപ്ദാദ	മധുബൻ 03.02.79

സർവ്വരേ പ്രതി ദയ കാണിക്കൂ, വഹം ഭാവത്തേയും അഹം ഭാവത്തേയും ഇല്ലാതാക്കൂ

ബാപ്ദാദ എല്ലാ കുട്ടികളെയും സമ്പന്ന സ്വരൂപമായി വിശ്വമംഗളകാരി രൂപത്തിൽ കാണുകയായിരുന്നു. വർത്തമാന സമയത്ത് അന്തിമ സ്വരൂപം അഥവാ അന്തിമ കർത്തവ്യം വിശ്വമംഗളത്തിന്റേതു മാത്രമാണ്. ഈ അന്തിമ സ്വരൂപത്തിൽ സ്ഥിതി ചെയ്തിരിക്കുവാൻ ഓരോ ബ്രാഹ്മണനും യഥാശക്തി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ലക്ഷ്യം എല്ലാവരുടേതും വിശ്വമംഗളം ചെയ്യണമെന്നുള്ളതാണ് എന്നാൽ ചിലർ ഇപ്പോഴും സ്വമംഗളത്തിൽ തന്നെ മുഴുകിയിരിക്കുന്നു, ചിലർ സ്വദേശത്തിന്റെ മംഗളം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്നു, വളരെ കുറച്ചു പേർ മാത്രം ബാപ് സമാൻ പരിധിയില്ലാത്ത വിശ്വസേവനത്തിൽ അതായത് വിശ്വമംഗളകാരി സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നുള്ളൂ. വിശ്വമംഗളകാരി ശ്രേഷ്ഠ ആത്മാവിന്റെ ലക്ഷണങ്ങൾ എന്തൊക്കെയായിരിക്കും?

1.വിശ്വമംഗളകാരിക്ക് അറിയാം സമയം കുറവാണെന്നും ചെയ്തു തീർക്കുവാനുള്ളത് മഹത്തായ കാര്യമാണെന്നും, അതുകൊണ്ട് അവരുടെ ഓരോ സെക്കന്റും ഓരോ സങ്കല്പവും വിശ്വമംഗളത്തേ പ്രതി ഉള്ളതായിരിക്കും.

2. ശരീരവും മനസ്സും പ്രാപ്തമായ ധനവും സദാ വിശ്വ സേവനത്തേ പ്രതി അർപ്പണം ചെയ്യും.

3. അവരുടെ മസ്തകത്തിലും നയനങ്ങളിലും സദാ വിശ്വത്തിലെ സർവ്വ ആത്മാക്കളും സ്മൃതിയിലും ദൃഷ്ടിയിലും ഉണ്ടായിരിക്കും –ഈ അതൃപ്ത ആത്മാക്കളെ എങ്ങനെ തൃപ്ത ആത്മാക്കളാക്കാം, യാചക ആത്മാക്കളെ എങ്ങനെ സമ്പന്ന ആത്മാക്കളാക്കാം എന്നും, വഞ്ചിതരായ ആത്മാക്കളെ എങ്ങനെ സമ്പർക്കത്തിലും സംബന്ധത്തിലും കൊണ്ടു വരാം. ദിന രാത്രം ബാബയിലൂടെ ശക്തികളുടെ വരദാനം എടുത്ത് സർവ്വർക്കും കൊടുക്കുന്ന ദാതാക്കളായിരിക്കും.

4. അക്ഷീണരും നിരന്തര സേവാധാരികളുമായിരിക്കും. പ്രോഗ്രാമിലൂടെയുള്ള സേവാധാരിയല്ല, എന്നാൽ സദാ ഏവർ റെഡി, ആൾ റൗണ്ടർ ആയിരിക്കും.

5. വിശ്വമംഗളകാരി എന്നാലർത്ഥം ദയാഹൃദയർ എന്നാണ്. എങ്ങനെയുള്ള ആത്മാക്കളുമാകട്ടെ –കടുത്ത സെസ്ക്കാരമുള്ള ആത്മാക്കളാകാം, കുറഞ്ഞ ബുദ്ധിയുള്ളവരാകാം, കല്ലുബുദ്ധികളാകാം, സദാ നിന്ദിക്കുന്നവരാകാം, സർവ്വരേയും പ്രതി മംഗളകാരി ആയിരിക്കണം. അതായത് ലോഫുള്ളും ലൗഫുള്ളുമായിരിക്കണം. എല്ലാവരുടെയും ലക്ഷ്യം ഇതു തന്നെയാണ് പക്ഷെ ചെയ്യുന്നതെന്താണ്? പോകപോകേ ദയക്കു പകരം ആ രണ്ടു അക്ഷരങ്ങളിൽ മാറ്റം വരുന്നു. ചിലർ ദയക്കു പകരം വഹം ഭാവം ഉത്പന്നമാക്കുന്നു –ഇതൊന്നും ഒരിക്കലും മാറുവാൻ പോകുന്നില്ല, ഇവരൊക്കെ ഇങ്ങനെ തന്നെയാണ്, എല്ലാവരും രാജാവൊന്നുമാകാൻ പോകുന്നില്ല, ഇപ്രകാരമുള്ള അനേകം വഹം ഭാവങ്ങൾ ദയയെ ഇല്ലാതാക്കുന്നു. ചിലരിൽ ദയക്കു പകരം അഹം ഭാവമാണ് ഉത്പന്നമാകുന്നത് –"ഞാനാണ് എല്ലാം –ഇവരൊന്നുമല്ല, ഇവർക്കൊന്നും ചെയ്യുവാൻ സാധിക്കില്ല എനിക്കെല്ലാം ചെയ്യുവാൻ സാധിക്കും. ഇപ്രകാരമുള്ള അഹം ഭാവം എന്നാലർത്ഥം ഞാനെന്ന ഭാവത്തിന്റെ അഭിമാനം ദയാഹൃദയരാകുവാൻ അനുവദിക്കില്ല. അതിനാൽ സ്വമംഗളമോ ദേശമംഗളമോ വരെയായി നിന്നു പോകുന്നു. വിശ്വമംഗളകാരി ആകുന്നതിനുള്ള സഹജ മാർഗ്ഗം അറിയാം പക്ഷേ സമയത്ത് മറന്നു പോകുന്നു. എത്ര തന്നെ അവഗുണങ്ങളോടുകൂടിയ ആത്മാവായാലും, എത്ര തന്നെ പതിത ആത്മാവായാലും, പുരുഷഹീന ആത്മാവായാലും, അജ്ഞാനി പതിതാത്മാവായിരിക്കാം, ബ്രാഹ്മണ പരിവാരത്തിലെ പുരുഷാർത്ഥഹീന ആത്മാവായിരിക്കാം –ഈ രണ്ടു പ്രകാരത്തിലുള്ള ആത്മാക്കളെയും പ്രതി വിശ്വമംഗളകാരി അതായത് പരിധിയില്ലാത്ത ദാതാവ്, വിശ്വ പരിവർത്തന അധികാരി ആത്മാവ്, സദാ അവരുടെ മോശമായ കാര്യങ്ങളെയും ദുർബ്ബലതകളെയും വിശ്വമംഗളകാരിയായതുകൊണ്ട് ആദ്യം ക്ഷമിക്കുന്നു. ഏതുപോലെ പരിധിയില്ലാത്ത ബാബ കുട്ടികളോട് ക്ഷമിക്കുന്നുവോ –ഏതു കാര്യത്തിലാണ് ക്ഷമിക്കുന്നത്? കുട്ടികളുടെ മോശമായ കാര്യങ്ങളെയും ദുർബ്ബലതകളെയും ഹൃദയത്തിൽ സൂക്ഷിക്കാതെ ക്ഷമിക്കുന്നു, പൂജ്യരായ ദേവത ഭക്തരോട് ക്ഷമിക്കുന്നു. വിശ്വമംഗളകാരി, മാസ്റ്റർ രചയിതാവു കൂടിയാണ് വിശ്വത്തിന്റെ അധികാരിയാണ്, അതായത് ചെറിയവർക്കു മുന്നിൽ വലിയ രാജാവിനു സമാനമാണ്, ബാബക്കു സമാനമാണ്, പൂജ്യ ആത്മാവാണ്–ഈ മൂന്നു സംബന്ധങ്ങളുടെയും ആധാരത്തിൽ മോശമായ കാര്യങ്ങളെയും ദുർബ്ബലതകളെയും ക്ഷമിക്കുന്നു. അതിനു ശേഷം അങ്ങനെയുള്ള ആത്മാവിന്റെ മംഗളത്തേ പ്രതി സദാ ആ ആത്മാവിന്റെ മസ്തക സ്വരൂപവും ഗുണവും മുന്നിൽ വച്ച് മഹിമ പാടും, അതായത് ആ ആത്മവിനു അതിന്റെ മഹാനതയുടെ സ്മൃതി നൽകും. ആരുടെ കുട്ടിയാണ്, ഏതു കാലത്തിലേതാണ്, സംഗമയുഗത്തിന്റെ വിശേഷത അഥവാ വരദാനം എന്താണ്? ബാബയുടെ കർത്തവ്യം അസംഭവ്യത്തെ പോലും സംഭവ്യമാക്കുന്നതാണ്, നിങ്ങൾ ആത്മാക്കൾ ആദികാല രാജവംശി

കളാണ്, ഇപ്പോൾ ബ്രഹ്മാവംശികളാണ്, മാസ്റ്റർ സർവ്വശക്തിമാനാണ് ഇപ്രകാരമുള്ള മഹിമ കേട്ട് ആ ആത്മാവ് സ്മൃതിയിലേക്കും സമർത്ഥിയിലേക്കും വരുന്നു. തന്റെ ദുർബ്ബലതകളെ ഇല്ലാതാക്കുന്നതിനുള്ള ധൈര്യത്തിലേക്കു വരുന്നു.

ഏതുപോലെ ഇന്നത്തെ ലോകത്തിൽ രജപുത്രവംശജർക്ക് അവരുടെ വംശത്തിന്റെ സ്മൃതി നൽകിയാൽ ദൗർബ്ബത്തിലും അവർക്കു ധൈര്യമുണ്ടാകുന്നുവോ അതുപോലെ വിശ്വമംഗളകാരി ദുർബ്ബല ആത്മാവിനെ പോലും മഹിമ പാടി മഹാനാക്കി തീർക്കും, അതായത് തന്റെ ദയാഹൃദയത്തിന്റെ ശക്തിയിലൂടെ സ്വയം അവരുടെ അവഗുണം ധാരണ ചെയ്യാതെ അവരെകൊണ്ടു പോലും അവരുടെ അവഗുണം വിസ്മരിപ്പിച്ച് സമർത്ഥരാക്കി മാറ്റും. ഇപ്രകാരം സമർത്ഥ ധരണി തയ്യാറാക്കിയ ശേഷം ഇങ്ങനെയുള്ള ആത്മാക്കളെ പ്രതി അല്പം പരിശ്രമിച്ചാൽ, വഹം ഭാവമോ അഹം ഭാവമോ ഇല്ലെങ്കിൽ അവർ പരിവർത്തനപ്പെടും. ഒരിക്കലും ബ്രാഹ്മണ പരിവാരത്തിൽ ദുർബ്ബല ആത്മാക്കളോട്, ”നീ ദുർബ്ബലനാണ്, നീ ദുർബ്ബലനാണ് ” എന്നു പറയരുത്. അല്ലെങ്കിൽ ഏതുപോലെ ശാരീരിക ദുർബ്ബലതയുള്ള ഒരാൾ ഡോക്ടറിൽ നിന്നും താൻ മരിച്ചു പോകും എന്നു കേട്ടാൽ ഉടനെ ഹൃദയ സ്തംഭനം വന്ന് മരിച്ചു പോകുന്നുവോ, അതുപോലെ നിങ്ങൾ മാസ്റ്റർ അധികാരികളിൽ നിന്നും വിശ്വപരിവർത്തകരിൽ നിന്നും, സദാ ഓരോ ആത്മാവിനെയും പ്രതി ശുഭമായ വാക്കുകൾ വരണം, സ്വയം പഴിക്കുന്നവരായി മാറ്റുന്നവയാകരുത്, സ്വയം പഴിക്കുക എന്നാൽ ഹൃദയസ്തംഭനമാണ്. എത്ര തന്നെ ദുർബ്ബലനാകട്ടെ സൂചന കൊടുക്കണമെങ്കിലോ, ശിക്ഷണം കൊടുക്കണമെങ്കിലോ ആദ്യം സമർത്ഥനാക്കി മാറ്റിയിട്ട് ശിക്ഷണം കൊടുക്കൂ. ആദ്യം അവരുടെ വിശേഷതകളുടെ മഹിമ പാടൂ, പിന്നീട് മുന്നോട്ട് പോകുന്നതിനുള്ള, ശ്രേഷ്ഠ ആത്മാവാകുന്നതിനുള്ള മാർഗ്ഗമെന്ന രീതിയിൽ ദുർബ്ബലതകൾക്കു മേൽ ശ്രദ്ധ കൊണ്ടു വരൂ. ആദ്യം ഭൂമി ധൈര്യത്തിന്റെയും ഉത്സാഹത്തിന്റെയും കലപ്പകൊണ്ടിളക്കൂ പിന്നീട് ബീജം വിതക്കൂ, അപ്പോൾ സഹജമായി ഫലം ഉണ്ടായിക്കൊള്ളും. അതല്ലെങ്കിൽ ധൈര്യക്കുറവിന്റെയും ദുർബ്ബലതകളുടെയും സംസ്ക്കാരത്തിനു വശപ്പെട്ടിരിക്കും ആത്മാവ് അതായത് കല്ലു പോലെ ഉറച്ച ഭൂമിക്കു മേൽ ബീജം വിതച്ചാൽ പരിശ്രമവും സമയവും അധികം വേണ്ടി വരുന്നു, സഫലത കുറവുമായിരിക്കും, വിശ്വമംഗളത്തേ പ്രതി ചിന്തിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ സമയം ലഭിക്കുന്നില്ല, സ്വമംഗളത്തിലും ദേശമംഗളത്തിലും തന്നെ മുഴുകിയിരിക്കുന്നു. വിശ്വമംഗളകാരി സ്വരൂപത്തിൽ സ്ഥിതി ചെയ്യുവാൻ സാധിക്കുന്നില്ല. വിശ്വമംഗളകാരിയാകുവാൻ എന്തു ചെയ്യണം ചെയ്യാതിരിക്കണം എന്നു മനസ്സിലായില്ലേ, അപ്പോഴേ വിശ്വമംഗള സേവനത്തിന്റെ ഗതി തീവ്രമാകൂ. ഇപ്പോൾ മദ്ധ്യമ ഗതിയാണ് അതുകൊണ്ട് ഈ വർഷം വിശ്വമംഗളകാരി സ്ഥിതിയുടെ വിധിയിലൂടെ വിശ്വമംഗള സേവനത്തിന്റെ ഗതി തീവ്രമാക്കൂ. ദയാഹൃദയരാകൂ. ഇതുവരെ എന്തു സംഭവിച്ചുവോ ഡ്രാമ അനുസരിച്ച് നടക്കേണ്ട കാര്യങ്ങൾ നടന്നു, ഇനി മുന്നോട്ട് മംഗള ഭാവനയോടുകൂടി ഉയരുന്ന കലയുടെ ഭാവനയോടുകൂടി പൊയ്ക്കൊണ്ടിരിക്കൂ. ദുർബ്ബലതകൾക്ക് ദൃഢ സങ്കല്പമെടുത്ത് വിട നൽകൂ. വിട ചൊല്ലിക്കു, അപ്പോൾ വിശ്വ പരിവർത്തന കാര്യം തീവ്രഗതിയിലായിക്കൊള്ളും. സ്പീഡും സ്റ്റേജും മുന്നോട്ടാക്കൂ, അതായത് ഓരോ കാര്യത്തേയും ജ്ഞാനയുക്ത സമർത്ഥ സ്ഥിതിയിലൂടെ സദാ സഹജമായി കടന്നു പോകൂ, പാസാകൂ, അപ്പോൾ ഫൈനൽ സ്റ്റേജിൽ ബഹുമതിയോടുകൂടി പാസാകും. മനസ്സിലായോ ഇപ്രകാരമുള്ള തയ്യാറെടുപ്പ് നടത്തൂ. അടുത്ത സീസണിൽ ബാപ്ദാദക്ക് എല്ലാവരെയും തീവ്രപുരുഷാർത്ഥി രൂപത്തിൽ കാണുവാൻ സാധിക്കണം. എല്ലാ ആത്മാക്കളും ഒന്നാം ഡിവിഷനിലെ ആത്മാക്കളാണ് –അങ്ങനെയുള്ള മഹാൻ ആത്മാക്കളുടെ മിലന മേള ആഘോഷിക്കുവാൻ വരണം. ഓരോ ബ്രാഹ്മണ കുട്ടിയും സദാ കിരീടധാരിയും തിലകധാരിയും സിംഹാസനധാരിയുമായിരിക്കണം, അങ്ങനെയുള്ള രാജ്യ സഭയിൽ ബാബക്കു വരണം. ഇവിടെ രാജ്യാധികാരികളുടെ സഭ തയ്യാറായാലേ അവിടെ രാജ്യ ദർബാർ ഉണ്ടാകൂ. ക്ഷണപത്രം നൽകി വിളിക്കുമ്പോൾ വിശേഷ ആത്മാക്കൾക്ക് വിശേഷമായി സ്റ്റേജ് തയ്യാറാക്കേണ്ടി വരുന്നു. ബാപ്ദാദക്ക് വീണ്ടും വരുവാനുള്ള ക്ഷണം നൽകുമ്പോൾ ഓരോരുത്തരും പ്രാക്ടിക്കലായി സമ്പൂർണ്ണ സ്റ്റേജ് തയ്യാറാക്കണം. ബാപ്ദാദ വരും അതുകൊണ്ട് ഓരോരുത്തരും ഒരാൾ മറ്റേയാളേക്കാൾ ശ്രേഷ്ഠവും സുന്ദരവുമായ സ്റ്റേജ് തയ്യാറാക്കൂ. ഇനി നോക്കാം ഏതു സോണാണ് നമ്പർ വൺ ആകുന്നതെന്ന്, വിദേശികൾ മുന്നോട്ട് പോകുമോ അതോ സ്വദേശികൾ മുന്നോട്ട് പോകുമോ! ശരി.
ഇപ്രകാരം സദാ വിശ്വമംഗളകാരികളും സർവ്വരേ പ്രതി ദയാഹൃദയരും, സദാ ശുഭ ചിന്തനത്തിൽ മുഴുകിയിരിക്കുന്നവരും, സദാ ഓരോ ആത്മാവിലേക്കും ധൈര്യവും ഉത്സാഹവും പകർന്നു നൽകുന്നവരും, സദാ രാജ്യാധികാരികളും സർവ്വരേയും സദാ സമ്പന്നമാക്കി മാറ്റുന്നവരുമായ സമർത്ഥ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും നമസ്ക്കാരവും.

പാർട്ടികളുമായി കൂടിക്കാഴ്ച

1) സ്വസ്ഥിതിയുടെ സീറ്റിൽ ഇരിക്കുന്നതിലൂടെ പരിതസ്ഥിതിക്കു മേൽ വിജയം:–
സദാ മാസ്റ്റർ സർവ്വശക്തിമാന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്ത് ഓരോ പ്രകാരത്തിലുമുള്ള പരിതസ്ഥി

തിക്കു മേൽ വിജയി ആയിരിക്കുകയാണോ? സ്വസ്ഥിതി ശക്തിശാലി ആകാത്തിടത്തോളം പരിതസ്ഥിതികളെ ജയിക്കുവാനാവില്ല. പരിതസ്ഥിതി പ്രകൃതിയിലൂടെ വരുന്നതാണ് അതുകൊണ്ട് പരിതസ്ഥിതി രചനയാണ്, സ്വസ്ഥിതിയുള്ളവൻ രചയിതാവാണ്. സദാ രചനക്കുമേൽ വിജയം ഉണ്ടാവാറുണ്ടല്ലോ. അഥവാ രചയിതാവ് രചനയോട് തോൽക്കുകയാണെങ്കിൽ പിന്നെ ആ ആളെ എങ്ങനെ രചയിതാവ് എന്നു വിളിക്കും? പ്രകൃതിയിലൂടെ വന്ന പരിതസ്ഥിതികളെല്ലാം രചനയാണ്, മാസ്റ്റർ രചയിതാവ് എന്നാലർത്ഥം മാസ്റ്റർ സർവ്വശക്തിമാൻ, അങ്ങനെയുള്ളവർ ഒരിക്കലും തോൽക്കില്ല, അത് അസംഭവ്യമാണ്. അഥവാ തന്റെ സീറ്റ് ഉപേക്ഷിക്കുകയാണെങ്കിൽ തോറ്റു പോകും, സീറ്റിൽ സെറ്റായിട്ടിരിക്കുന്നവരിൽ ശക്തി നിറയും. സീറ്റ് ഉപേക്ഷിച്ചാൽ ശക്തിഹീനരാകും. അതുകൊണ്ട് മാസ്റ്റർ രചയിതാവിന്റെ സീറ്റിൽ സെറ്റായിട്ടിരിക്കണം. സീറ്റിന്റെ ആധാരത്തിലാണ് ശക്തികൾ സ്വാഭാവികമായും വന്നു ചേരും. താഴേക്ക് വരരുത്, താഴെയുള്ളത് ദേഹാഭിമാനത്തിന്റെ മായാ ഭൂതമാണ്. താഴത്തേക്ക് വന്നാൽ മണ്ണും ചേറും പറ്റും അതായത് ശുദ്ധാത്മാവിൽ നിന്നും അശുദ്ധ ആത്മാവായി തീരും. കൊച്ചുകുട്ടികളും അവരുടെ സ്ഥാനം വിട്ട് താഴത്തേക്കു പോന്നാൽ അഴുക്ക് പുരളുന്നു. ദേഹാഭിമാനത്തിൽ വരിക എന്നാൽ അഴുക്ക് പിടിക്കുക എന്നാണ്. നിങ്ങൾ ശുദ്ധാത്മാക്കളാണ്, ശുദ്ധമായതിൽ അല്പമെങ്കിലും മണ്ണ് പുരണ്ടാൽ സ്പഷ്ടമായി കാണപ്പെടും, അല്പമെങ്കിലും ദേഹാഭിമാനത്തിന്റെ അഴുക്ക് പുരണ്ടാൽ ശുദ്ധാത്മാവിൽ അത് സ്പഷ്ടമായി കാണപ്പെടും. അടിക്കടി ദേഹാഭിമാനത്തിൽ വരിക എന്നാലർത്ഥം മണ്ണിൽ കളിക്കുന്നു, മണ്ണ് കഴിക്കുന്നു എന്നാണ്. അപ്പോൾ അങ്ങനെയല്ലല്ലോ. പഴയ സംസ്ക്കാരങ്ങൾ വരുന്നില്ലല്ലോ. ജീവിച്ചിരിക്കെ മരിച്ചു കഴിഞ്ഞാൽ പിന്നെ എല്ലാം തീർന്നു. ജീവിച്ചിരിക്കേ മരിച്ചു എന്നാലർത്ഥം ബ്രാഹ്മണ ജീവിതം. ബ്രാഹ്മണർ ഒരിക്കലും മണ്ണുകൊണ്ട് കളിക്കില്ല, അതെല്ലാം ശൂദ്രത്വത്തിന്റെ കാര്യങ്ങളാണ്. അതുകൊണ്ട് സദാ ബാബയുടെ ഓർമ്മയാകുന്ന മടിയിലിരിക്കൂ. ഓമനകളായ മക്കളെ മാതാപിതാക്കൾ മടിയിൽ തന്നെ ഇരുത്തുന്നു, മണ്ണിലേക്കിറങ്ങുവാൻ സമ്മതിക്കില്ല, നിങ്ങളും ഓമന മക്കൾ അല്ലേ –അപ്പോൾ മണ്ണിൽ കളിക്കുവാൻ പാടില്ല. രത്നങ്ങൾ കൊണ്ട് കളിച്ചുകൊണ്ടിരിക്കൂ. മണ്ണിൽ കളിക്കുന്നവർക്ക് ഒരിക്കലും ബാബയുടെ കുട്ടികളാകുവാൻ സാധിക്കില്ല. റോയൽ ബാബയുടെ കുട്ടികൾ ഒരിക്കലും മണ്ണിൽ കളിക്കില്ല. ഏറ്റവും ഉയർന്നതിലും ഉയർന്ന ബാബയുടെ കുട്ടികൾ സദാ ജ്ഞാനരത്നങ്ങൾ കൊണ്ട് കളിക്കുന്ന ശ്രേഷ്ഠ ആത്മാക്കളാണ് –അങ്ങനെയല്ലേ! ശരി.

എങ്ങനെയുള്ള പരിതസ്ഥിതി ആയിരുന്നാലും സദാ ബാബയുടെ കൂട്ടുകെട്ട് സ്മൃതിയിൽ ഉണ്ടെങ്കിൽ മായാജീത്തായിരിക്കും. ബാബയെ കൂട്ടുകെട്ട് ഓർമ്മയിലുണ്ടെങ്കിൽ സദാ സന്തുഷ്ടരും സദാ നിർവിഘ്നരുമായിരിക്കും. ഒന്നിൽ നിന്നും രണ്ടായി തീർന്നു –അപ്പോൾ സദാ മഹാവീരന്മാരായിരിക്കും, നിർഭയരായിരിക്കും. ബാബയുടെ കൂട്ടുകെട്ട് ഉള്ളതിനാൽ മായാജീത്തായി തീരും.

2) ഒറീസ ഗ്രൂപ്പിനോടൊപ്പം കൂടിക്കാഴ്ച:-

സേവനങ്ങൾ എത്രമാത്രം വർദ്ധിക്കുന്നുവോ അത്രയും സേവനത്തിന്റെ ഫലം ലഭിക്കുന്നു. ആര് എത്രമാത്രം ആത്മാക്കൾക്ക് ബാബയുടെ പരിചയം കൊടുക്കുന്നതിന് നിമിത്തമാകുന്നുവോ അത്രയും ഇപ്പോൾ തന്നെ സന്തോഷം പ്രാപ്തമാകുന്നു, ഭാവിയിൽ രാജ പദവിയും പ്രാപ്തമാകുന്നു. വർത്തമാനവും ഭാവിയും രണ്ടു കാലങ്ങളും ശ്രേഷ്ഠമാകുന്നു. രണ്ടു കാലങ്ങളെയും ശ്രേഷ്ഠമാക്കുന്ന അത്രയും ശ്രേഷ്ഠമായ കാര്യമാണെങ്കിൽ അത് എത്രമാത്രം ചെയ്യണം. ലൗകികത്തിലാണെങ്കിലും ഏതെങ്കിലും കാര്യത്തിലൂടെ നേട്ടമുണ്ടാകുന്നു എന്നു കണ്ടാൽ രാവും പകലും ആ കാര്യത്തിൽ മുഴുകില്ലേ. ഇതാണെങ്കിലോ ഏറ്റവും ശ്രേഷ്ഠമായ ബിസിനസ്സാണ്. 21 ജന്മത്തേക്കാണ് കച്ചവടം ഉറപ്പിക്കുന്നത്. ഈ സീസണിൽ എത്രമാത്രം സമ്പാദിക്കുന്നുവോ അത്രയും ആരാമത്തോടുകൂടി ഫലം കഴിച്ചുകൊണ്ടിരിക്കും. എത്ര വലിയ ലോട്ടറിയാണ് കിട്ടിയിരിക്കുന്നത്. ഒരു ജന്മത്തേ പരിശ്രമം അനേക ജന്മം സുഖമായി കഴിച്ചുകൊണ്ടിരിക്കും. അത് പരിധിയുള്ള ലോട്ടറിയാണ്, ഒന്നിട്ടാൽ ലക്ഷം കിട്ടുമായിരിക്കും എന്നാലിത് പരിധിയില്ലാത്ത അവിനാശിയായ ലോട്ടറിയാണ്. വീട്ടിലിരിക്കേ എത്ര ശ്രേഷ്ഠമായ പ്രാപ്തിയാണ്. സദാ മനസ്സിൽ തന്റെ ഭാഗ്യത്തിന്റെ ഗീതം പാടികൊണ്ട് സന്തോഷമായിരിക്കൂ, എവിടെയെങ്കിലും ഒട്ടലുണ്ടെങ്കിൽ മോഹമുണ്ടെങ്കിൽ ദുഖത്തിന്റെ അലകൾ വന്നുകൊണ്ടിരിക്കും. എപ്പോഴെങ്കിലും ദുഖം തോന്നാറുണ്ടോ? ബാബ ജന്മജന്മാന്തരത്തേക്ക് കരച്ചിൽ നിർത്തലാക്കി, ദുഖമുണ്ടെങ്കിൽ കരയും, ദുഖമേയില്ലെങ്കിൽ കരച്ചിൽ സമാപ്തമായി. എല്ലാ സുഖദാതാവിന്റെ കുട്ടികളും മാസ്റ്ററായി കഴിഞ്ഞു, പിന്നെ ദുഖം എവിടെ നിന്നും വരും, ദുഖത്തിന്റെ വാതിൽ അടഞ്ഞു കഴിഞ്ഞു, സ്വർഗ്ഗത്തിന്റെ അഥവാ സുഖത്തിന്റെ വാതിൽ തുറന്നു കഴിഞ്ഞു. സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റ് എടുത്തല്ലോ അല്ലേ –സദാ സന്തോഷത്തിൽ നൃത്തമാടികൊണ്ടിരിക്കൂ, സന്തോഷമുണ്ടെങ്കിൽ മറ്റുള്ളവരും നിങ്ങളെ കണ്ട് സന്തോഷിക്കുകയും ബാബയുടെ സമീപത്തു വരികയും ചെയ്യും. നിങ്ങളുടെ സന്തോഷം ബാബയുടെ പരിചയം നൽകും. ഒരിക്കലും വിയോഗത്തിലേക്കു വരരുത്. സദാ യോഗി –സംഗമയുഗത്തിലെ വിശേഷ പ്രാപ്തി ബാബയുമായുള്ള മിലനം ആഘോഷിക്കലാണ്. സദാ

മിലനം ആഘോഷിക്കുന്നവർ -ഇപ്രകാരം സന്തോഷമായിരിക്കൂ. ശരി.

3) സദാ സ്വയത്തെ മഹാവീരൻ അതായത് സദാ ജ്ഞാനത്തിന്റെ ശസ്ത്രധാരി എന്ന് അനുഭവം ചെയ്യുന്നുണ്ടോ? മഹാവീരന്റെ കൈയിൽ സദാ ജ്ഞാനത്തിന്റെ ശസ്ത്രം കാണിക്കാറുണ്ട്. അത് വിജയത്തിന്റെ ലക്ഷണമാണ്. സദാ ജ്ഞാനത്തിന്റെ ശസ്ത്രങ്ങളാൽ അലങ്കരിക്കപ്പെട്ട മഹാവീരനാണോ? ശസ്ത്രങ്ങൾ സമയത്ത് പ്രയോജനപ്പെടാറുണ്ടോ അതോ പ്രയോജനപ്പെടാറില്ലേ? ഇങ്ങനെയും സംഭവിക്കാറുണ്ട് -എല്ലാം കൈയിലുണ്ടായിരിക്കും പക്ഷെ സമയത്ത് ഓർമ്മ വരില്ല. പരിതസ്ഥിതികൾ ഏതുപോലെയാണോ അതുപോലുള്ള ജ്ഞാനത്തിന്റെ ശസ്തിരങ്ങൾ ഉപയോഗിച്ച് മഹാവീരനായി മാറി മായാജീത്തായി മാറുന്നു. എത്ര സമയംകൊണ്ടാണ് ജയിക്കുന്നത്? സെക്കന്റിൽ വിജയി ആകുന്നുണ്ടോ അതോ സമയം എടുക്കുന്നുണ്ടോ? സമയം എടുക്കുന്നുണ്ടെങ്കിൽ മഹാവീരനെന്നു വിളിക്കുവാനാവില്ല. വിജയി ആകുവാൻ ഒരു മണിക്കൂറെടുക്കുമെങ്കിൽ അതിനകത്ത് അന്തിമ നിമിഷം വന്നു ചേർന്നുവെങ്കിൽ ഏതു പദവി പ്രാപ്തമാകും. അപ്പോൾ മഹാവീരൻ എന്നാൽ ഓരോ നിമിഷവും ശ്രദ്ധാലു. ഓരോ പരിതസ്ഥിതിയെയും മറികടന്നു പോകുന്നവരാണ് ബഹുമതിയോടുകൂടി പാസാകുന്നത്.

ടീച്ചേഴ്സുമായി കൂടിക്കാഴ്ച:-ടീച്ചേഴ്സിന് വിശേഷമായി ലിഫ്റ്റാകുന്ന ഗിഫ്റ്റുണ്ടോ? ടീച്ചേഴ്സിന് ഈശ്വരീയ സേവനമല്ലാതെ മറ്റ് യാതൊരു ഭാരവുമില്ല. ഒരേ ഒരാളിന്റെ ഓർമ്മ, ഒരേ ഒരാളെ പ്രതി സേവനം. ഒരു പണിയെ ഉള്ളുവെങ്കിൽ ആ ഒരു പണിയിൽ നല്ല രീതിയിൽ മുന്നോട്ട് പോകുവാൻ സാധിക്കുമല്ലോ! ഗൃഹസ്ഥർക്ക് രണ്ടു കാര്യങ്ങൾ നിറവേറ്റേണ്ടി വരുന്നു, ടീച്ചേഴ്സിനു സഹജമായി ഏകരസത്തിലിരിക്കുവാൻ സാധിക്കും. സംസാരിക്കണമെങ്കിൽ അത് ബാബയുടെ പരിചയം കൊടുക്കലാണ്, കർമ്മണ സേവനം ചെയ്യണമെങ്കിലോ ബാബ അതിനു നിമിത്തമാക്കിയതാണ്, അപ്പോൾ ടീച്ചേഴ്സിനു നാച്ചുറൽ ഗിഫ്റ്റ് ലഭിച്ചിട്ടുണ്ട്. ഈ ഗിഫ്റ്റിന്റെ ലാഭമെടുക്കൂ. ടീച്ചേഴ്സ് എന്നാലർത്ഥം ഡബിൾ ലൈറ്റ്. നിമിത്തമായി നടക്കുക എന്നാലർത്ഥം ഡബിൾ ലൈറ്റ്, അപ്പോൾ സദാ ഈ സ്ഥിതിയുടെ അനുഭവം ഉണ്ടായിരിക്കണം. ചെയ്യിപ്പിക്കുന്നവൻ ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു, ഞാൻ നിമിത്ത മാത്രം. അപ്പോൾ സഫലത ഉണ്ടാകുന്നു. ഞാനെന്ന ഭാവം വന്നു എന്നാലർത്ഥം മായയുടെ ഗേറ്റ് തുറന്നു. നിമിത്തമെന്നു മനസ്സിലാക്കുമ്പോൾ മായയുടെ ഗേറ്റ് അടഞ്ഞു. നിമിത്തമെന്നു മനസ്സിലാക്കുമ്പോൾ മായാജീത്തായി മാറുന്നു. ഡബിൾ ലൈറ്റുമാകുന്നു സഫലതയും പ്രാപ്തമാകുന്നു. അപ്പോൾ ടീച്ചേഴ്സിനു ഈ ലിഫ്റ്റ് ലഭിച്ചിട്ടുണ്ട്. എത്ര ലാഭമെടുക്കുവാൻ ആഗ്രഹിക്കുന്നുവോ അത്രയും എടുക്കുവാൻ സാധിക്കും. അതുകൊണ്ട് ടീച്ചേഴ്സ് പരിശോധക്കേണ്ടത് ആവശ്യമാണ്-താൻ എത്രാമത്തെ നമ്പറിലാണ്!

ടീച്ചേഴ്സിനു സേവനത്തിന്റെ ഭാഗ്യം പ്രാപ്തമാണ്. എത്രയോ വഞ്ചിതരായ ആത്മാക്കൾക്ക് ബാബയുടെ പരിചയം കൊടുത്ത് തൃപ്ത ആത്മാവാക്കി മാറ്റുന്നവരാണ്. സേവനത്തിൽ വിശേഷമായി ദയാഹൃദയമെന്ന ഗുണം ഓർമ്മയിൽ ഉണ്ടാവാറുണ്ടോ? ദയാഹൃദയനായ ബാബയുടെ കുട്ടികൾ ദയാഹൃദയരായി മാറി സേവനം ചെയ്യുമ്പോൾ സഫലത വളരെയധികം ലഭിക്കുന്നു. ഇപ്പോൾ ബാബക്കു സമാനം ദയാഹൃദയരാകൂ, അജ്ഞാനി ആത്മാക്കളെ പ്രതി ദയ തോന്നാറില്ലേ? സദാ സമ്പന്നമൂർത്തിയായി വരദാനിയും മഹാദാനിയുമായി മാറൂ. ദുർബ്ബല ആത്മാക്കൾക്ക് ശക്തി കൊടുത്ത് മുന്നോട്ട് കൊണ്ടു പോകൂ. സമ്പന്നമൂർത്തിയായി മാറി സേവനം ചെയ്യൂ. ശരി. ഓംശാന്തി.

വരദാനം-മാസ്റ്റർ ജ്ഞാന സാഗരനായി മാറി പാവ കളി സമാപ്തമാക്കുന്ന സ്മൃതി സോ സമർത്ഥ സ്വരൂപരായി ഭവിക്കൂ!

ഏതു പോലെ ഭക്തി മാർഗ്ഗത്തിൽ മൂർത്തികളുണ്ടാക്കി പൂജയും മറ്റും ചെയ്തതിനു ശേഷം ആ മൂർത്തിയെ വെള്ളത്തിൽ മുക്കി കളയുകയും ചെയ്യുന്നതിനെ നിങ്ങൾ പാവകളുടെ പൂജ എന്നു പറയുന്നുവോ, അതുപോലെ നിങ്ങൾക്കു മുന്നിൽ നിർജ്ജീവ സാരമില്ലാത്ത കാര്യങ്ങളായ ഈർഷ്യ, അനുമാനങ്ങൾ, ആവേശം മറ്റും വരുമ്പോൾ നിങ്ങൾ അതിനെ വിസ്തരിച്ച് അത് സത്യമാണെന്ന് അനുഭവം ചെയ്യുന്നു അഥവാ ചെയ്യിപ്പിക്കുന്നു, ഇത് നിർജ്ജീവ വസ്തുവിൽ പ്രാണൻ കൊടുക്കുന്നതു പോലെയാണ്. പിന്നീട് അതിനെ ജ്ഞാനസാഗരനായ ബാബയുടെ ഓർമ്മയിൽ കഴിഞ്ഞു പോയതിനെ കഴിഞ്ഞു പോയി എന്നാക്കി, സ്വ ഉന്നതിയുടെ അലകളിൽ മുക്കി കളയുന്നുണ്ടെങ്കിലും ഈ പ്രക്രിയയിൽ ധാരാളം സമയം പാഴായി പോകുന്നു, അതുകൊണ്ട് ആദ്യമേ തന്നെ മാസ്റ്റർ ജ്ഞാനസാഗരമായി മാറി സ്മൃതി സോ സമർത്ഥി ഭവയുടെ വരദാനമെടുത്ത് ഈ പാവകളി സമാപ്തമാക്കൂ.

സ്ലോഗൻ:-സമയത്ത് സഹയോഗി ആകുന്നവർക്ക് ഒന്നിന് കോടിമടങ്ങ് ഫലം ലഭിക്കുന്നു.